## പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5173 — 30.06.2014 ന് മറുപടിയ്ക്ക്

### കാഞ്ഞങ്ങാട് വനം വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) കാഞ്ഞങ്ങാട് റെയിഞ്ചിലെ പനത്തടി സെക്ഷനിൽ റാണിപുരം മേഖലയിൽ റാണിപുരം വന സംരക്ഷണ സമിതി മുഖേന ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. റാണിപുരത്തെ വ്യൂപോയന്റിലേക്ക് 2.5 കി.മീറ്റർ നീളത്തിൽ ട്രക്ക് പാത്ത് നിർമ്മിക്കുകയും വ്യൂ പോയന്റിലും ദുർഘട പ്രദേശങ്ങളിലും, സഞ്ചാരികൾക്ക് സുരക്ഷിതമായി കയറിയിറങ്ങി പോകുന്നതിന് ഇരുമ്പ് കൈവരി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടിക്കറ്റ് കൗണ്ടറിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് റെയിഞ്ചിലെ വനവല്ക്കരണ പദ്ധതിയുടെ ഭാഗമായി NWFP പദ്ധതിയിൽ ഉൾപ്പെടുത്തി 7500 ഔഷധസസ്യങ്ങൾ ഉല്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് 6 രൂപ നിരക്കിൽ വിതരണം ചെയ്തുവരുന്നുണ്ട്.<br>കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഹോസ്ദുർഗ്ഗ് സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഓഫീസ് മുഖേന വഴിയോരത്തണൽ, എന്റെ മരം, ഹരിതശ്രീ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വഴിയോരത്തണൽ പദ്ധതി പ്രകാരം ഒടയംചാൽ മുതൽ ചെറുപനത്തടി വരെ 340 തണൽമരത്തൈകൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്. എന്റെ മരം പദ്ധതി പ്രകാരം 16555 തൈകളും, ഹരിതശ്രീ പദ്ധതി പ്രകാരം ഹരിത മണിക്കൂറിൽ 30220 തൈകൾ സ്കൂളുകൾ, സർക്കാർ വകുപ്പുകൾ, പഞ്ചായത്തുകൾ, സംഘടനകൾ എന്നിവ മുഖേന വെച്ചു പിടിപ്പിച്ചിട്ടുമുണ്ട്. |
| (ബി) 2014-15 വർഷം വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) മേൽ പറഞ്ഞവയല്ലാതെ 2014-15 വർഷം കാസറഗോഡ് വനം ഡിവിഷനിൽ പുതിയ പദ്ധതികൾ ഒന്നും നടപ്പിലാക്കുവാൻ ആസൂത്രണം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ